കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 5 | ജൂൺ 15, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക


അകത്താളുകളിൽ


2 ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം ഗവർണർ നിർവഹിച്ചു

3 നഗരപ്രദേശങ്ങളിലെ വിഷരഹിത കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകും കൃഷിമന്ത്രി

7 "എല്ലാ വീട്ടിലും ഒരു പോഷകത്തോട്ടം" 'പദ്ധതിയ്ക്ക് തുടക്കമായി


# ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി - സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു

സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന "ഓണത്തിനൊരു മുറം പച്ചക്കറി" പദ്ധതിയുടെ ഈ വർഷത്തെ ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന്റെ അധ്യക്ഷതയിൽ നിർവ്വഹിച്ചു. സെക്രട്ടറിയേറ്റ് അങ്കണത്തിലെ പച്ചക്കറിത്തോട്ടത്തിൽ 2021 ജൂൺ 11ന് പച്ചക്കറി തൈകൾ നട്ടു കൊണ്ടായിരുന്നു മുഖ്യമന്ത്രി പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചത്.

70 ലക്ഷം കുടുംബങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള കൃഷിവകുപ്പിന്റെ ഒരു ജനകീയ ക്യാമ്പയിൻ ആണ് ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി. സംസ്ഥാന കൃഷിവകുപ്പ് 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും ഒന്നരക്കോടി പച്ചക്കറി തൈകളുമാണ് പദ്ധതിയുടെ ഭാഗമായി ഈ മാസം വിതരണം ചെയ്യുന്നത്. ഓണം സീസൺ മുന്നിൽകണ്ടു കൊണ്ട് എല്ലാ കുടുംബങ്ങളിലും സുരക്ഷിത ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനു കൂടിയാണ് പദ്ധതി.

പദ്ധതി പ്രകാരം കർഷകർക്കും, വിദ്യാർഥികൾക്കും, വനിത ഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും ജൂൺ പകുതിയോടെ ലഭ്യമാക്കും. കഴിഞ്ഞ അഞ്ചു വർഷമായി സംസ്ഥാനത്ത് പച്ചക്കറി കൃഷിയിലുണ്ടായ മ




ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

ന്നേറ്റം തുടരുക എന്നതുതന്നെയാണ് പദ്ധതി ലക്ഷ്യം. കൃഷിവകുപ്പിന് കീഴിലുള്ള വി.എഫ്.പി.സി.കെ, കേരള കാർഷിക സർവകലാശാല, അഗ്രോ സർവീസ് സെന്ററുകൾ എന്നിവ മുഖാന്തിരമാണ് വിത്തുകളും തൈകളും വിതരണത്തിനായി തയ്യാറായിട്ടുള്ളത്.

ചീര, വെണ്ട, പയർ, പാവൽ, വഴുതന എന്നിങ്ങനെ 5 ഇനം വിത്തുകൾ അടങ്ങിയ വിത്ത് പാക്കറ്റുകൾ ആയിരിക്കും കർഷകർക്കായി കൃഷിഭവൻ മുഖാന്തരം വിതരണം ചെയ്യുക. സെക്രട്ടറിയേറ്റിൽ നടന്ന ചടങ്ങിൽ കാർഷികോൽപാദന കമ്മീഷണർ ഇഷിതാ റോയി ഐ.എ.എസ്, കൃഷി ഡയറക്ടർ കെ. വാസുകി ഐ.എ.എസ്, സെക്രട്ടറി ഡോ. രത്തൻ ഖേൽകർ ഐ.എ.എസ്. എന്നിവർ പങ്കെടുത്തു.

# ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണോദ്ഘാടനം ഗവർണർ നിർവഹിച്ചു

സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന "ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം" എന്ന പദ്ധതിയുടെ ഈ വർഷത്തെ വിതരണം 2021 ജൂൺ 5ന് പരിസ്ഥിതി ദിനത്തിൽ രാജ്ഭവൻ അങ്കണത്തിൽ ഫലവൃക്ഷതൈ നട്ടു കൊണ്ട് ബഹു ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാൻ നിർവ്വഹിച്ച് ഉദ്ഘാടനം ചെയ്തു . തിരുവനന്തപുരം പെരിങ്ങമല ജില്ലാ കൃഷിത്തോട്ടത്തിൽ ഉൽപ്പാദിപ്പിച്ച ബഡ്ഡ് ചെയ്ത തായ്ലൻഡ് ചാമ്പയാണ് ബഹു: ഗവർണർ നട്ടത്. രാവിലെ 11 മണിക്ക് നടന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് അദ്ധ്യക്ഷം വഹിക്കുകയും പെരിങ്ങമല ഫാമിൽ നിന്നും പതിവയ്ക്കൽ സമ്പ്രദായത്തിൽ ഉൽപാദിപ്പിച്ച അലഹബാദ് സഫേദ് ഇനം പേരതൈ മന്ത്രി നടുകയും ചെയ്തു. കൃഷി വകുപ്പ് ഡയറക്ടർ ഡോ: കെ. വാസുകി ഐ.എ.എസ് ചടങ്ങിൽ പങ്കെടുത്തു.

"പാരിസ്ഥിതിക പുനസ്ഥാപനം" എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിനത്തിന്റെ മുദ്രാവാക്യം. വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു കൊണ്ട് ജൈവവൈവിധ്യം സംരക്ഷിക്കുകയും അതിലൂടെ പാരിസ്ഥിതിക പുനസ്ഥാപനം സാധ്യമാക്കുകയും, സംസ്ഥാനത്ത് ഫലവർഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കൃഷിവകുപ്പ് ഫാമുകൾ, കാർഷിക കർമ്മസേനകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിലാണ് ഫലവൃക്ഷതൈകൾ തയ്യാറാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ്, വനം വകുപ്പ് എന്നിവയുമായി സംയോജിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്ലാവ്, മാവ്, റംബൂട്ടാൻ, മാങ്കോസ്റ്റിൻ, പപ്പായ, സപ്പോട്ട, പാഷൻഫ്രൂട്ട്, ടിഷ്യൂകൾച്ചർ വാഴ തൈകൾ, മാതളം, ചാമ്പ, നെല്ലി തുടങ്ങി ഇരുപതിലധികം വർഗ്ഗത്തിൽപ്പെട്ട ഫലവൃക്ഷങ്ങൾ ആണ് പദ്ധതിയുടെ ഭാഗമായി കർഷകർക്ക് വിതരണം ചെയ്യുന്നത്.



# "നഗരപ്രദേശങ്ങളിലെ വിഷരഹിത കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകും" കൃഷിമന്ത്രി

വിഷരഹിത ഭക്ഷണം എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നല്ല കൃഷി സമ്പ്രദായങ്ങൾ പാലിച്ചുകൊണ്ടുള്ള കൃഷിരീതി നഗരപ്രദേശങ്ങളിൽ കൂടുതൽ വ്യാപകമാക്കും എന്ന് കൃഷി മന്ത്രിപി.പ്രസാദ് അഭിപ്രായപ്പെട്ടു. പത്രപ്രവർത്തക യൂണിയൻ, തിരുവനന്തപുരം മാധ്യമപ്രവർത്തകർക്കും ജീവനക്കാർക്കുമായി കൃഷി വകുപ്പ് സഹകരണത്തിൽ ആരംഭിച്ച ഇക്കോഷോപ്പ് തിരുവനന്തപുരം കേസരി മന്ദിരത്തിനടുത്തുള്ള പി ആൻഡ് റ്റി ഹൗസിൽ 2021 ജൂൺ 1ന് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.



ലോക്ഡൗൺ കാലയളവിൽ കർഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കുന്ന ഇത്തരം ഇടപെടലുകൾ മാതൃകാപരമാണെന്നും ഇത് കൂടുതൽ വ്യാപിപ്പിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# കൃഷി വകുപ്പിന്റെ പരിസ്ഥിതി ദിനാചരണം തിരുവനന്തപുരം ജില്ലയിൽ

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലാകമാനം വിപുലമായ പരിപാടികളോടെ പരിസ്ഥിതി ദിനാചരണ ചടങ്ങുകൾ സംഘടിപ്പിക്കപ്പെട്ടു. ഒരു കോടി ഫലവൃക്ഷ തൈകളുടെ വിതരണം എന്ന പദ്ധതിയിൽ ഉൾപെടുത്തി പത്ത് ലക്ഷത്തോളം ഫലവൃക്ഷ തൈകൾ 14 അസംബ്ലി നിയോജക മണ്ഡലങ്ങളിലും വിതരണം നടത്തുന്ന പദ്ധതിക്കും, എല്ലാ വീട്ടിലും പോഷകത്തോട്ടം എന്ന പദ്ധതിക്കും ഇതോടൊപ്പം തുടക്കമിട്ടതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോർജ് അലക്സാണ്ടർ അറിയിച്ചു. ഓരോ നിയമസഭാ അസംബ്ലി മണ്ഡലങ്ങളിലും ബന്ധപ്പെട്ട എംഎൽഎ മാർ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. നേമം കൃഷി ഭവൻ പരിസരത്ത് വിദ്യാഭ്യാസ മന്ത്രി ശ്രീ.വി.ശിവൻകുട്ടി തൈ നട്ട് ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ജില്ലയുടെ ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. സന്നദ്ധ സംഘടനകളും പൊതുസമൂഹവും ഈ പദ്ധതികൾ ഏറ്റെടുത്ത് വിജയിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹം ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. വൃക്ഷ തൈകൾ വച്ച് പിടിപ്പിച്ച് കൊണ്ട് ജൈവവൈവിധ്യം സംരക്ഷിക്കുകയും അതിലൂടെ പാരിസ്ഥിതിക പുനഃസ്ഥാപനം സാധ്യമാക്കുകയും, ഫലവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുവാനായി കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഉൽപാദിച്ച ഫലവൃക്ഷ തൈകളാണ് വിതരണം നടത്തിയതും പൊതു സ്ഥലങ്ങളിൽ നട്ട് കൊണ്ട് വിവിധ സ്ഥലങ്ങളിൽ ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കപ്പെട്ടതും. തുടർന്നുള്ള ദിവസങ്ങളിൽ ഫലവൃക്ഷ തൈകൾ സൗജന്യമായും, ഒട്ടുതൈകളും പതിവയ്ക്കൽ തൈകളും 25% നിരക്കിലും പൊതുജനങ്ങൾക്ക് അതാത് കൃഷി ഭവനുകൾ മുഖേന ലഭ്യമാക്കുന്നതുമാണെന്നും അറിയിച്ചു.



# അറിയിപ്പുകൾ

## കേരള കാർഷിക സർവ്വകലാശാല നൽകുന്ന വിള പരിപാലന നിർദ്ദേശം

### വാഴ കർഷകരുടെ ശ്രദ്ധയ്ക്ക്

അഴുകൽ രോഗം ബാധിച്ച വാഴയുടെ അവശിഷ്ടങ്ങൾ മുറിവുകൾ എന്നിവയിലൂടെ അഴുകൽ രോഗം പകരാൻ സാധ്യതയുണ്ട്. ഇളം കന്നുകളെയാണ് കൂടുതൽ ബാധിക്കുന്നത്. നല്ല നീർവാർച്ച രോഗത്തിനെ ഒരു പരിധി വരെ നിയന്ത്രിക്കും. വാഴ കർഷകർ ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിയ്ക്കുക

- രോഗമുക്തമായ കന്നുകൾ നടുക
- നടുന്നതിനു മുമ്പ് പത്ത് ലിറ്റർ വെള്ളത്തിൽ 40 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡും മൂന്ന് ഗ്രാം സ്ട്രെപ്റ്റോസൈക്ലിനും കലർത്തി അതിൽ മുപ്പത് മിനിറ്റ് നേരത്തേയ്ക്ക് കന്നുകൾ മുക്കി വയ്ക്കണം.
- രോഗം ബാധിച്ചവ ഉടനടി നീക്കം ചെയ്യുക
- വിളവെടുപ്പിനു ശേഷം വാഴയുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുക

## കേരള വെറ്ററിനറി സർവ്വകലാശാല നൽകുന്ന മൃഗപരിപാലന നിർദ്ദേശങ്ങൾ

### ക്ഷീരകർഷകരുടെ ശ്രദ്ധയ്ക്ക്

പശു എരുമ മുതലായ വളർത്തുമൃഗങ്ങളിൽ വിരമരുന്നു നൽകുന്നതിനായി മണ്ണുത്തി വെറ്ററിനറി കോളേജ് പരാദവിഭാഗം നൽകുന്ന നിർദ്ദേശങ്ങൾ ഇനി പറയുന്നു. കന്നുകുട്ടികൾ ജനിച്ച് ഒരണ്ടാഴ്ച്ചയ്ക്കുള്ളിൽ ആദ്യത്തെ ഡോസ് ഒരു വിരമരുന്നു നൽകണം. തുടർന്ന് നാലാഴ്ച കഴിഞ്ഞു ഒരു തവണ കൂടി വിരമരുന്നു കൊടുക്കാവുന്നതാണ്. മഴക്കാലം തുടങ്ങി മൂന്ന് ആഴ്ച്ചക്കു ശേഷം എല്ലാ ഉരുക്കൾക്കും ഒരു തവണ വിര മരുന്നു നൽകാവുന്നതാണ്. രക്തം കലർന്നതോ കഫവും രക്തവും കലർന്നതോ ആയ വയറിളക്കം, ശരീരം മെലിച്ചിൽ മുതലായ രോഗലക്ഷണങ്ങൾ കണ്ടാൽ വെറ്ററിനറി ഡോക്ടറുടെ നിർദേശപ്രകാരം ചാണകം പരിശോധിച്ചതിനു ശേഷം വിരമരുന്നു നൽകേണ്ടതാണ്. ഗർഭിണിയായ പശുവിനു പ്രസവത്തിനു രണ്ടു-മൂന്നാഴ്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. ഒരു വയസ്സിനു താഴെ പ്രായമുള്ള കന്നുകുട്ടികളിൽ പ്രതിരോധകുത്തിവെപ്പിനു രണ്ടോ മൂന്നോ ആഴ്ച്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. എന്നാൽ ഒരു വയസിനു മുകളിൽ പ്രായമുള്ളവയ്ക്കു മഴക്കാലം തുടങ്ങുമ്പോൾ വിരമരുന്ന് നൽകിയിട്ടുണ്ടെങ്കിൽ വേറെ വിരമരുന്നു നൽകേണ്ടതില്ല.

## ടെലിവെറ്ററിനറി സംവിധാനം

സംസ്ഥാനത്ത് കോവിഡ് വ്യാപനവും ലോക്ക്ഡൗണും തുടരുന്ന സാഹചര്യത്തിൽ വളർത്തുമൃഗങ്ങളുടെ പരിപാലനവും മൃഗചികിത്സയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പ് ടെലിവെറ്ററിനറി സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പരുകൾ താഴെ പറയുന്നു.

| | |
|---|---|
| തിരുവനന്തപുരം -0471-2302643 | കൊല്ലം -0474-2795076 |
| പത്തനംതിട്ട - 0468-2270908 | ആലപ്പുഴ - 0477-2252635 |
| കോട്ടയം - 0481 -2564623 | ഇടുക്കി - 0486-2223878 |
| എറണാകുളം -0484-2351264 | തൃശ്ശൂർ - 0487-2440232 |
| പാലക്കാട് - 9447303310 | മലപ്പുറം - 0483- 2734815 |
| കോഴിക്കോട് -0495-2368349 | വയനാട് - 04936 -202729 |
| കണ്ണൂർ - 0497- 2700184 | കാസർഗോഡ് - 04994-224624 |

## കർഷകസാന്ത്വനം

വെള്ളായണി ദക്ഷിണമേഖലാ പ്രാദേശിക ഗവേഷണ കേന്ദ്രം നടത്തുന്ന 'കർഷകസാന്ത്വനം' എന്ന പദ്ധതി ഓൺലൈൻ സംവിധാനത്തിൽ ലഭ്യമാണ്. കർഷകരുടെ പ്രശ്നങ്ങൾ വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി കർഷകർക്ക് ഇനി പറയുന്ന കാർഷികവിദഗ്ധരെ വിളിക്കുകയോ സന്ദേശങ്ങൾ അയക്കുകയോ ചെയ്യാവുന്നതാണ്. ബന്ധപ്പെടേണ്ട വിദഗ്ധരുടെ ഫോൺ നമ്പറുകൾ താഴെ പറയുന്നു.

1. കീടനിയന്ത്രണം, പൊതുവായ കാർഷികപ്രശ്നങ്ങൾ എന്നിവയ്ക്ക് - ഡോ. സന്തോഷ്കുമാർ ടി - 8547058115
2. രോഗനിയന്ത്രണം, കൂൺകൃഷി എന്നിവയിലെ സംശയങ്ങൾക്ക് ഡോ. ഹീര ജി - 8921541980
3. സുഗന്ധവിള-വാണിജ്യവിള പരിപാലനം എന്നീ വിഷയങ്ങൾക്ക് ഡോ. ശ്രീകല ജി.എസ് -8547105571
4. തേനീച്ചവളർത്തൽ സംബന്ധിച്ച് സംശയങ്ങൾക്ക് ഡോ.അമൃത വി സ് - 9447428656
5. പഴവർഗ്ഗ കൃഷി സംബന്ധിച്ച് സംശയങ്ങൾക്ക് വിഷയങ്ങൾക്ക് ഡോ. സിമി എസ് - 9946867991
6. വിള പരിപാലനം, കാലിതീറ്റ, പുൽകൃഷി എന്നിവയിലെ സംശയങ്ങൾക്ക് ഡോ. ഉഷ സി തോമസ് - 9496301170

# വെറ്ററിനറി സർവകലാശാലയുടെ സ്ഥാപകദിനാഘോഷങ്ങളുടെ ഉദ്ഘാടനം

വെറ്ററിനറി സർവകലാശാലയുടെ സ്ഥാപകദിനാഘോഷങ്ങളുടെ ഉദ്ഘാടനം 2021 ജൂൺ 14 ന് കൽപ്പറ്റ എം എൽ എ അഡ്വ. സിദ്ദിഖിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചുറാണി അവർകൾ നിർവ്വഹിച്ചു. തദവസരത്തിൽ ആടുകളിലെ രക്തക്കറവ് തിരിച്ചറിയുന്നതിനുള്ള വിളർച്ച സൂചിക കാർഡും തീറ്റപ്പുൽ ഉത്പാദനത്തിലെ സ്വയം പര്യാപ്തത ലക്ഷ്യമിട്ട് സർവ്വകലാശാല നടപ്പാക്കുന്ന തീറ്റപ്പുൽ വികസന സേനയും പൊതു സമൂഹത്തിന് സമർപ്പിക്കുകയും ചെയ്തു. സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫസർ ഡോ എം ആർ ശശീന്ദ്രനാഥ് സ്ഥാപകദിനസന്ദേശവും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ എസ് എം സാബു ക്ഷീരവികസന വകുപ്പ് ഡയറക്ടർ മിനി രവീന്ദ്രൻ എന്നിവർ അശംസകളും അർപ്പിച്ചു.

മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിലെ അനുബന്ധ സ്ഥാപനങ്ങളുമായി കൈകോർത്തുകൊണ്ട് വികസന തലങ്ങൾക്ക് പുത്തനുണർവ്വും ദിശാബോധവും നൽകാൻ വെറ്ററിനറി സർവ്വകലാശാല പ്രതിജ്ഞാബദ്ധമാണെന്ന് ശ്രീമതി ചിഞ്ചുറാണി അഭിപ്രായപ്പെട്ടു. ഉയർന്ന ഉൽപാദനമികവും രോഗപ്രതിരോധശേഷിയുമുള്ള ജനുസുകൾ നൂതന രോഗനിർണ്ണയ പ്രതിരോധ ചികിത്സാ മാർഗ്ഗങ്ങൾ സുസ്ഥിര മൃഗപരിപാലനത്തിനായുള്ള പ്രകൃതി സൗഹൃദ സാങ്കേതിക വിദ്യകൾ എന്നിവയുടെ പങ്കാളിത്ത വികസനത്തിനും കൈമാറ്റത്തിനും കർഷകരെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രശ്നാധിഷ്ഠിത ഗവേഷണത്തിനും സർവ്വകലാശാല ഊന്നൽ നൽകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. സ്ഥാപകദിനാഘോഷങ്ങളോടനുബന്ധിച്ച് "ഫാമിങ്ങ് ഇതര സംരംഭക സാദ്ധ്യതകൾ" എന്ന വിഷയത്തിൽ മൂന്നു ദിവസത്തെ ഓൺലൈൻ പ്രഭാഷണ പരമ്പരയും സംഘടിപ്പിച്ചു.



ജൂൺ 14 - കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് സർവകലാശാലയുടെ പതിനൊന്നാമത് സ്ഥാപിത ദിനാഘോഷം ഉദ്ഘാടനം




ജൂൺ 1-ലോക ക്ഷീരദിനം ആചരിച്ചു

# പ്രകൃതി സംരക്ഷിക്കപ്പെട്ടാലെ മനുഷ്യവംശം സംരക്ഷിക്കപ്പെടൂ - ശ്രീ. കടകംപള്ളി സുരേന്ദ്രൻ

കൃഷിവകുപ്പിലെ "ഒരു കോടി ഫലവൃക്ഷതൈകൾ" പദ്ധതിയുടെയും എല്ലാ വീട്ടിലും ഒരു പോഷക തോട്ടം പദ്ധതി"യുടെയും കഴക്കൂട്ടം ബ്ലോക്ക് തല ഉദ്ഘാടനം പോങ്ങുമ്മൂട് ഇൻഫന്റ് ജീസസ് സെൻട്രൽ സ്കൂൾ അങ്കണത്തിൽ വച്ച് 2021 ജൂൺ 5ന് ബഹു. തിരുവനന്തപുരം നഗരസഭാ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ആര്യ L. S അവർകളുടെ അദ്ധ്യക്ഷതയിൽ ബഹു. എം.എൽ.എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവർകൾ നിർവഹിച്ചു.

സ്കൂൾ അങ്കണത്തിൽ ഫലവൃക്ഷതൈകൾ നടുകയും തൈകൾ വിതരണം ചെയ്യുകയും ചെയ്തുകൊണ്ടാണ് ചടങ്ങ് ഉദ്ഘാടനം ചെയ്തത്. അതോടൊപ്പം നടീൽ വസ്തുക്കളും മറ്റ് നടീൽ ഉപാധികളും അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു കൊണ്ട് "എല്ലാ വീട്ടിലും പോഷക തോട്ടം പദ്ധതി"യുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.



## സുരക്ഷിത ഭക്ഷ്യ ഉത്പാദനത്തിനായി 70 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ പച്ചക്കറി വിത്ത് പാക്കറ്റുകളും തൈകളും : കൃഷി മന്ത്രി പി. പ്രസാദ്

കോവിഡ് മഹാമാരി രണ്ടാം തരംഗം രാജ്യമാകെ തുടരുമ്പോഴും സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനത്തിലും ഇറക്കുമതിയിലും ഉണ്ടായേക്കാവുന്ന ക്ഷാമം മുന്നിൽകണ്ടുകൊണ്ട് 70 ലക്ഷം കുടുംബങ്ങൾക്കായി സംസ്ഥാന കൃഷി വകുപ്പ് 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും ഒന്നരക്കോടി പച്ചക്കറി തൈകളും ഉടനെ തന്നെ വിതരണം ചെയ്യുമെന്ന് കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു. ഓണം സീസൺ മുന്നിൽ കണ്ടുകൊണ്ട് എല്ലാ കുടുംബങ്ങളിലും സുരക്ഷിത ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനു കൂടിയാണ് പദ്ധതിയെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കൃഷിവകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുള്ള "ഓണത്തിന് ഒരു മുറം പച്ചക്കറി" എന്ന ആശയം പ്രായോഗികമാക്കുന്നതിന് കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പദ്ധതി പ്രകാരം കർഷകർക്കും, വിദ്യാർഥികൾക്കും,വനിത ഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും ജൂൺ പകുതിയോടെ ലഭ്യമാകും. കഴിഞ്ഞ അഞ്ചു വർഷമായി സംസ്ഥാനത്ത് പച്ചക്കറി കൃഷിയിലുണ്ടായ മുന്നേറ്റം തുടരുക എന്നതുതന്നെയാണ് പദ്ധതി ലക്ഷ്യം. കഴിഞ്ഞ അഞ്ച് വർഷവും വളരെ ജനകീയമായി നടപ്പിലാക്കപ്പെട്ട പദ്ധതിയായിരുന്നു ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി. കഴിഞ്ഞ വർഷം ഓണത്തിനു മാത്രം 2.32 ലക്ഷം മെട്രിക് ടണ്ണിന്റെ ഗാർഹിക പച്ചക്കറി ഉത്പാദനം ഈ പദ്ധതിയുടെ ഭാഗമായി കൈവരിക്കുവാൻ കഴിഞ്ഞിരുന്നു. ഇത് വർധിപ്പിക്കുകയും എല്ലാ സീസണിലും സ്വന്തമായി കൃഷി ഇറക്കുന്നതിന് കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരിക്കും പദ്ധതി ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. കൃഷിവകുപ്പിന് കീഴിലുള്ള വി.എഫ്.പി.സി.കെ, കേരള കാർഷിക സർവകലാശാല, അഗ്രോ സർവീസ് സെന്ററുകൾ എന്നിവ മുഖാന്തരമാണ് വിത്തുകളും തൈകളും തയ്യാറായി വരുന്നത്.

# എല്ലാ വീട്ടിലും ഒരു പോഷകത്തോട്ടം പദ്ധതിയ്ക്ക് തുടക്കമായി

## മന്ത്രി പി. പ്രസാദ് പദ്ധതി ഉദ്ഘാടനം ചെയ്തു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ, വി എഫ് പി സി കെ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'എല്ലാ വീട്ടിലും ഒരു പോഷകത്തോട്ടം 'പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ജൂൺ 5ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിച്ചു.

വിഷ രഹിതമായ പച്ചക്കറി നമ്മുടെ അവകാശമാണെന്ന തീരുമാനം കൈക്കൊണ്ടാൽ കാർഷികമേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ സാധിക്കുമെന്ന് മന്ത്രി പറഞ്ഞു. നല്ല പച്ചക്കറിയുടെയും പോഷക സമൃദ്ധമായ ഭക്ഷണത്തിന്റെയും കാര്യത്തിൽ നാം ഏറെ പിന്നിലാണ്. ഈ പോരായ്മ വലിയ വിടവ് തന്നെയാണ്. ഇത് പരിഹരിക്കുക എന്നതാണ് ഈ കാലഘട്ടത്തിലെ പരമ പ്രധാന ലക്ഷ്യമെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിഷം നിറഞ്ഞ ഭക്ഷണം കഴിക്കേണ്ടി വരുന്ന അവസ്ഥയിൽ നിന്നും മലയാളികളെ മാറ്റേണ്ടത് പരമ പ്രധാനമാണെന്നും മന്ത്രി പറഞ്ഞു. ഇതിന് ശക്തമായ ഇടപെടൽ തീർക്കേണ്ടതുണ്ട്. ഈ ഇടപെടലുകൾക്ക് ആവശ്യമായ പ്രവർത്തനങ്ങളിലേക്ക് എല്ലാവരും മുന്നോട്ട് വരണം. വിഷ രഹിതമായ പച്ചക്കറി മാത്രമേ കഴിക്കൂ എന്ന തീരുമാനം നാമോരോരുത്തരുടെയും ചിന്തയും ബോധ്യവും ആകണം. അതിനുവേണ്ടി നടപ്പാക്കുന്ന ഓരോ പദ്ധതിയും എല്ലാവരുടെയും മനസ്സിൽ ഉണ്ടാവണം. മനസ്സിൽ പദ്ധതി ഇല്ലാതെ നടപ്പാക്കുന്നതു കൊണ്ട് പ്രയോജനമുണ്ടാകില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു. മനസ്സിൽ ഉണ്ടായാൽ മാത്രമേ മണ്ണിൽ പ്രാവർത്തികമാവുകയുള്ളൂ എന്നും മന്ത്രി പറഞ്ഞു. കാർഷിക മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ ഈ അഞ്ചു വർഷക്കാലം കൊണ്ട് സാധിക്കുമെന്നും മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. ബജറ്റിലെ "സ്മാർട്ട് കൃഷിഭവൻ" പദ്ധതിയിൽ ജില്ലയിലെ കൃഷിഭവനുകൾക്ക് വലിയ മുൻഗണന നൽകുമെന്നും മന്ത്രി പറഞ്ഞു.

വരുന്ന അഞ്ച് വർഷക്കാലം സമസ്ത മേഖലയേയും സ്പർശിക്കുന്ന വലിയ വികസന മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കുമെന്ന് അധ്യക്ഷ പ്രസംഗത്തിലൂടെ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കാർഷിക മേഖലയിൽ അത്ഭുതകരമായ മുന്നേറ്റം കാഴ്ചവച്ച കാലഘട്ടമാണ് കഴിഞ്ഞ ആഞ്ച് വർഷക്കാലം. പച്ചക്കറിയിലെന്ന പോലെ മുട്ട, പാൽ എന്നിവയിൽ കൂടി സ്വയം പര്യാപ്തത കൈവരിക്കണമെന്നും മന്ത്രി പറഞ്ഞു. തരിശ് ഭൂമിയിൽ കൂടുതൽ കൃഷി നടപ്പാക്കണം, മത്സ്യ കൃഷിയും കൂടുതൽ ആരംഭിക്കണം. ഇതിനായി കൂടുതൽ ബൃഹത് പദ്ധതികൾ ആവിഷ്കരിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. കുട്ടനാട് പാക്കേജ് നമ്മുടെ കാർഷിക മേഖലക്ക് വലിയ ഉണർവ് തരുമെന്നും മന്ത്രി



പറഞ്ഞു. അടുക്കളത്തോട്ടം പദ്ധതി സംസ്ഥാനത്തെ എല്ലാ വീട്ടമ്മമാരിലേക്കും എത്തിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.


ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ എല്ലാ വീട്ടിലും പോഷക തോട്ടം എന്ന പദ്ധതി മുന്നോട്ട് വെക്കുന്നത്. പച്ചക്കറികൃഷിക്ക് പ്രാധാന്യം നൽകുന്ന 25,000 പോഷക തോട്ടങ്ങളും അതോടനുബന്ധിച്ച് ചെറുകിട കൂൺ കൃഷി യൂണിറ്റുകളും പദ്ധതിയിലൂടെ നടപ്പാക്കും. കൃഷിവകുപ്പിന് കീഴിലുള്ള സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും മാധ്യമ പങ്കാളിയായ മലയാള മനോരമയും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

ചടങ്ങിൽ എ എം ആരിഫ് എംപി, ചേർത്തല നഗരസഭ അധ്യക്ഷ ഷേർലി ഭാർഗവൻ വി.എഫ്.പി.സി.കെ സി .ഇ .ഒ ശിവരാമകൃഷ്ണൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ സഫീന, കെ.എസ്, അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ സുജ ഈപ്പൻ ,ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഷീന ടി.സി, മലയാള മനോരമ വാരിക എഡിറ്റർ ഇൻ ചീഫ് കെ എ ഫ്രാൻസിസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# പൈനാപ്പിളും കപ്പയും കൃഷിവകുപ്പ് സംഭരിക്കും: കൃഷിമന്ത്രി പി. പ്രസാദ്

കാർഷിക ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ പല ഉത്പന്നങ്ങളും അയൽ സംസ്ഥാനങ്ങളിലേക്കും മറ്റും കയറ്റി അയക്കുന്നതിന് കർഷകർ നേരിടുന്ന താൽക്കാലിക പ്രതിസന്ധി കണക്കിലെടുത്ത് കൃഷിവകുപ്പിന്റെ വിപണി ഇടപെടലുകൾ ശക്തമാക്കുവാൻ തീരുമാനിച്ചതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി പല ഉൽപ്പന്നങ്ങളും ഈ സീസണിൽ ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ പൈനാപ്പിൾ പോലെയുള്ള കയറ്റുമതി ഉത്പന്നങ്ങൾ മറ്റു സംസ്ഥാനങ്ങളിലെ നിയന്ത്രണങ്ങൾ കാരണം പുറത്തേക്ക് കയറ്റി അയക്കുവാൻ പറ്റാത്ത സാഹചര്യം കർഷകർ നേരിടുകയുണ്ടായി. ഇതു ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് പ്രധാനപ്പെട്ട ഉത്പന്നങ്ങൾ ഹോർട്ടികോർപ്പ് വഴി സംഭരിക്കാൻ കൃഷി മന്ത്രി നിർദ്ദേശം നൽകിയത്.

കൃഷിവകുപ്പിന്റെ അടിസ്ഥാനവില പദ്ധതി പ്രകാരം അംഗങ്ങളായിട്ടുള്ളവർക്ക് അടിസ്ഥാന വില ഇത്തരത്തിൽ ലഭ്യമാവുകയും ചെയ്യും. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി





കർഷകർക്ക് ജില്ലാതലത്തിൽ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടാവുന്നതാണ്. വിവിധ ജില്ലകളിലെ ഹെൽപ്പ് ഡെസ്ക് നമ്പറുകൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം 9633235081, കൊല്ലം 9446207383, പത്തനംതിട്ട 9447335078, ആലപ്പുഴ 9447860263, കോട്ടയം 9447583081, ഇടുക്കി 8547479101, എറണാകുളം 9497689997, തൃശ്ശൂർ 9446360336, പാലക്കാട് 9447779770, മലപ്പുറം 9447449183, കോഴിക്കോട് 9497079534, വയനാട് 9745468414, കണ്ണൂർ 9895371970

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh